## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1003**

25.01.2018-ലെ മറുപടി

## ഇടക്കൊച്ചി കടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) എറണാകളം ജില്ലയിലെ ഇടക്കൊച്ചി കടിവെള്ള പദ്ധതിയുടെ വാട്ടർടാങ്കി നായി തുക അനുവദിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധി ക്കാത്തതിന് കാരണം വ്യക്തമാക്കാമോ; | (എ), (ബി), (സി) & (ഡി) | ഇടക്കൊച്ചി ശുദ്ധജല സംഭരണിക്കുവേണ്ടി 278 ലക്ഷം രൂപ LAC-ADS -ൽ അനുവദിച്ചിട്ടുണ്ടെങ്കിലും വിശദമായ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ഡിസൈൻ പ്രകാരം പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുക ജലസംഭരണിയുടെ നിർമ്മാണത്തിനു മാത്രമായി 346 ലക്ഷം രൂപയാണ്. അധികമായി ആവശ്യമായ 68 ലക്ഷം രൂപയും ബാക്കി ഘടകങ്ങളായ പമ്പ് ഹൗസ്, പമ്പ് സെറ്റ്, ചുറ്റുമതിൽ മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ 70 ലക്ഷം രൂപയും എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കിട്ടുമെന്ന ധാരണയിൽ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (ബി) തുക അനുവദിച്ചിട്ടും നടപടികൾ സമയബന്ധിതമായി പൂർത്തീകരി ക്കാത്തതിനാൽ അനുവദിച്ച തുക തികയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) ഈ പ്രശ്നം പരിഹരിക്കാനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | | |
| (ഡി) ടാങ്കിന്റെയും അനുബന്ധഘടകങ്ങ ളുടെയും നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കു മെന്നും ആയത് എന്ന് പൂർത്തീകരി ക്കാൻ സാധിക്കുമെന്നും വ്യക്തമാ ക്കാമോ? | | |

സെക്ഷൻ ഓഫീസർ